നോർത്ത് വയനാട് നിയോജകമണ്ഡലത്തിലെ ജലസേചന പദ്ധതികൾ

54 (3283) ശ്രീമതി രാധാ രാഘവൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർത്ത് വയനാട് നിയോജകമണ്ഡലത്തിലെ കൊയ്‌ലേരി പെട്ടൻകൊല്ലി, മലങ്കര പാക്കം എന്നീ സ്കീമുകളുടെ പണി ആരംഭിച്ചതെന്നാണ് ;

(ബി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിച്ചിരിക്കുന്നത് ;

(സി) ഇപ്രകാരം പണി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) നീർവാരം കല്ലുവയൽ പദ്ധതിക്ക് ഭരണാനുമതി നല്കിയോ, ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ പദ്ധതികൾക്ക് ആവശ്യമായ വെള്ളം കർണ്ണാടകയിലേക്കൊഴുകുന്ന കബനിയിൽ നിന്നും ലഭ്യമാക്കാനാണോ ഉദ്ദേശിക്കുന്നത് ;

(ജി) ഇക്കാരണത്താലാണോ പ്രസ്തുത പദ്ധതികൾ പൂർത്തീയാകാതിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ പണി ഉടനടി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊയ്‌ലേരി, പാക്കം, മലങ്കര എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പണിയാരംഭിച്ചത് 1990-ൽ ആണ്. പെട്ടൻകൊല്ലി എന്ന പേരിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ സ്കീം മൈനർ ഇറിഗേഷന്റെ കീഴിൽ ഇല്ല.

(ബി) 1995-ൽ പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിച്ചിരുന്നത്.

(സി) ഇലക്ട്രിക്കൽ വർക്കും മെക്കാനിക്കൽ വർക്കും പൂർത്തിയാകാത്തതും ഇലക്ട്രിക് കണക്ഷൻ കിട്ടാത്തതുമാണ് കാരണം.

(ഡി&ഇ) ഭരണാനുമതി നൽകിയിട്ടില്ല. നബാർഡിന്റെ ധനസഹായത്തിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുകയാണ്.

(എഫ്) വയനാട്ടിലെ എല്ലാ പുഴകളും കബനിയിൽ ചേരുന്നവയായതുകൊണ്ട് ഏതൊരു പുഴയിൽ നടപ്പാക്കുന്ന പദ്ധതിയും കബനീ നദീജല വിനിയോഗമാണ്.

(ജി) അല്ല. അടുത്ത ധനകാര്യവർഷത്തിൽ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly